**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109.** **10.06.2019 ൽ മറുപടിയ്ക്ക്**

**കഞ്ചാവ് ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവ് ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം ആശങ്കയുണ്ടാക്കുന്നവിധം വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഞ്ചാവ് ലഹരി മരുന്ന് പദാർത്ഥങ്ങളുടെ വ്യാപനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ ഇപ്പോൾ ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്-കർണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട് ബോർഡർ പട്രോളിംഗ് നടത്തി വരുന്നു. അതിനൊപ്പം സംസ്ഥാനത്തിനകത്ത് പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. എന്നീ വകുപ്പുകളുമായി ഏകോപിച്ചുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിവസ്തുക്കൾ എത്തിച്ച് നൽകുന്ന സംഘങ്ങളെ കണ്ടെത്താനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും ഉള്ള പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുന്നു. വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഓരോ സ്കൂളിന്റെയും നിരീക്ഷണ ചുമതല നല്കിയിട്ടുള്ളതിന്റെ ഭാഗമായി ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികളെ ലഹരി മാഫിയകൾ വാഹകരായി ഉപയോഗിക്കുന്നത് നിരീക്ഷിക്കുവാൻ നിലവിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളെ ഉപയോഗിച്ച് ട്രെയിൻ വഴി നടത്തുന്ന ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും കർശന പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്നയിടങ്ങളിലും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**